# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 731 | 20.03.2013-ൽ മറുപടിക്ക്

## എൻ. ആർ. എച്ച്. എം. ഫണ്ട് വിനിയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്ക് : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കാസർകോട് ജില്ലയിൽ ഏതൊക്കെ പരിപാടികളും പദ്ധതികളുമാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | ജെ.എസ്.വൈ, ജെ.എസ്.എസ്.കെ, ആർഷ്, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ആശ, ജി.ബി.വി.എം, പാലിയേറ്റീവ് കെയർ പ്രോജക്ട്, റേഡിയോ ഹെൽത്ത്, കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം, ആർ.എസ്.ബി.വൈ, ഇമ്മ്യൂണൈസേഷൻ സ്ട്രെംഗ്തനിംഗ്, ക്വാളിറ്റി അഷ്വറൻസ്, ട്രൈബൽ ഹെൽത്ത് എൻ.സി.ഡി, ഡബ്ല്യൂ.എച്ച്.എൻ.ഡി, ഡബ്ല്യൂ.എച്ച്.എസ്.സി, ബി.സി.സി/ഐ.ഇ.സി, ആയുഷ്, കെംപ്, ടെലിമെഡിസിൻ, മെൻസ്ട്രൽ ഹൈജെൻസ് പ്രോജക്ട്, കോംപ്രിഹെൻസീവ് ഹെൽത്ത് പ്ലാൻ, ഡിസീസ് കൺട്രോൾ പ്രോഗ്രാംസ് എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്. |
| (ബി) | 2010-2011, 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ഇതിനായി എത്ര തുക ചെലവഴിച്ചു; | (ബി) | 2010-11 – 4,65,78,967 രൂപ<br>2011-12 – 6,84,72,416 രൂപ<br>2012-13 – 13,00,98,858 രൂപ |
| (സി) | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിട സൗകര്യം ഏർപ്പെടുത്തുന്നതിനായി എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ ; | (സി) | 2010-11 – 4,18,145 രൂപ<br>2011-12 – 9,52,626 രൂപ<br>2012-13 – 25,12,266 രൂപ |
| (ഡി) | ആശുപത്രികളുടെയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര രൂപ എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും ഇതുവരെ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | ആശുപത്രികളുടേയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും ഇതുവരെ താഴെ പറയും പ്രകാരം ഫണ്ട് ചെലവഴിച്ചു.<br>2010-11 – 63,65,042 രൂപ<br>2011-12 – 1,07,06,122 രൂപ<br>2012-13 – 1,91,75,876 രൂപ |
| (ഇ) | ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശ വർക്കർമാർക്ക് കഴിഞ്ഞ കുറെ മാസങ്ങളിലായി വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ചട്ടപ്രകാരം അർഹരായ എല്ലാ ആശമാർക്കും ഓണറേറിയം കൊടുത്തിട്ടുണ്ട്. എന്നാൽ പുതുക്കിയ നിലയിലുള്ള തുക ചില ജില്ലകളിൽ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ